ഉത്തരം

(എ) കെ.എസ്.ടി.പി. യുടെ രണ്ടാംഘട്ടത്തിന് ധനസഹായം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമായ ശേഷമേ രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

എം.സി. റോഡ് നവീകരണ ജോലികൾ

219 (816) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡിൽ ശേഷിക്കുന്ന ഭാഗത്തെ നവീകരണ ജോലികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ജോലികൾ കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ലോക ബാങ്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

നാലാഞ്ചിറ റോഡ് വികസനം

220 (817) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനനഗരിയിലെ നലാഞ്ചിറ റോഡ് വികസനത്തിന് എത്ര കോടി രൂപയുടെ പദ്ധതിക്കാണ് രൂപകല്പന നടത്തിയിരുന്നത് ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഇവിടത്തെ വികസനം പൂർത്തിയാകുമ്പോൾ എന്തു തുക ചെലവിടേണ്ടിവരും ;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയും ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തലസ്ഥാനനഗരിയിലെ നാലാഞ്ചിറ റോഡ് വികസനത്തിന് 1997-ൽ 14.75 കോടി രൂപയുടെ പദ്ധതിയാണ് രൂപകല്പന ചെയ്തിരുന്നത്.

(ബി) പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഇവിടത്തെ വികസനം പൂർത്തിയാക്കുന്നതിനായി 31.496 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സ്ഥലമെടുപ്പും കൂടി ഉൾപ്പെട്ട തുകയാണ്.

(സി) പണി പുരോഗതിയിലാണ്. 60% പണികൾ പൂർത്തിയായി. പ്രസ്തുത പണി പൂർത്തിയാക്കേണ്ട കാലാവധി 2011 ജൂൺ മാസത്തിലാണ്.

ദേശീയപാതകളുടെ വികസനത്തിന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ

221 (818) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതകളുടെ വികസനത്തിന് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തുള്ള ദേശീയപാതകളുടെ വികസത്തിനായി കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങളും വ്യവസ്ഥകളും അംഗീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പു വയ്ക്കുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. മറ്റ് അഞ്ച് ദേശീയപാതകൾ (എൻ.എച്ച്.49, 208, 212, 213, 220) NHDP Phase IV പ്രകാരം പി.പി.പി. സംവിധാനത്തിൽ DBFOT വ്യവസ്ഥയിൽ വികസിപ്പക്കാൻ തീരുമാനിക്കുകയും ആയതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബി.ഒ.റ്റി. രീതിയിലുള്ള ദേശീയപാത വികസനത്തിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു :

1. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിശ്ചിത കാലാവധിയിലേക്ക് ടോൾ പിരിച്ചാണ് നടപ്പിലാക്കുന്നത്.

2. ഈ കാലയളവിൽ ഇതിന് സമാന്തരമായി സ്റ്റേറ്റ് ഗവൺമെന്റ് പുതിയ റോഡുകൾ പണിയുവാനോ നിലവിലുള്ള റോഡുകൾ വികസിപ്പിക്കുവാനോ പാടില്ല.